<u>സമർപ്പണം</u>

പഞ്ചായത്ത് രാജ് സംവിധാനം കേരളത്തിൽ നിലവിൽ വന്നതിനുശേഷം നാല് പഞ്ചവത്സര പദ്ധതികൾ നമ്മൾ പിന്നിട്ടുകഴിഞ്ഞു. ആയതിന്റെ അനുഭവ സമ്പത്തുമായി നാം പതിനാലാം പഞ്ചവത്സര പദ്ധതിയിലെ അഞ്ചാം വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. ജനകീയാസൂത്രണം തുടങ്ങിയപ്പോഴും അതിൻറെ 25–ാാം വാർഷികം ആഘോഷിക്കുമ്പോഴും ഈ പഞ്ചായത്തിന്റെ അദ്ധ്യക്ഷനാകുവാൻ കഴിഞ്ഞതിലുള്ള സന്തോഷം അറിയിക്കുന്നു. ജനകീയാസൂത്രണം ആരംഭിച്ച് ഇരുപത്തഞ്ചു വർഷങ്ങൾ പിന്നിട്ടപ്പോൾ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുവാൻ നമ്മുടെ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. ഈ കാലഘട്ടത്തിൽ നമുക്കുണ്ടായിട്ടുള്ള പോരായ്മകൾ പരിഹരിച്ചും പുതിയ പദ്ധതികൾ ഏറ്റെടുത്തും മുന്നോട്ട് പോകേണ്ടതുണ്ട്. അതിന് ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ കൂടിയേ തീരൂ.

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മുൻനിര പരിപാടികളായ ദാരിദ്ര്യലഘൂകരണം, മാലിന്യ സംസ്കരണം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവ പരിഗണിച്ചുകൊണ്ടുള്ള പദ്ധതി കൾക്ക് നമ്മൾ മുൻതൂക്കം നൽകണം. 14–ാാം പഞ്ചവത്സര പദ്ധതി നാലാം വർഷത്തിന് ആരംഭം കുറിക്കുമ്പോൾ സുസ്ഥിരമായ വളർച്ചാലക്ഷ്യം കൈവരിക്കുക എന്നതും ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കി മാറ്റുക , പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതുമാണ് നാം ഇവിടെ ലക്ഷ്യമിടുന്നത്. ആയതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാണ് ഈ രേഖയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് .

ഓരോ വിഷയമേഖലകളെ ആസ്പദമാക്കി തയ്യാറാക്കിയ അവസ്ഥാരേഖയെ അടിസ്ഥാനമാക്കി വിശദമായ അന്വേഷണങ്ങളും പഠനങ്ങളും വിലയിരുത്തലുകളും ചർച്ചകളും നടത്തി കൊണ്ടും ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ, ഭരണസമിതിയോഗങ്ങൾ, വികസന സെമിനാർ എന്നീ ഓരോരോ വേദികളും ഘട്ടങ്ങളും പിന്നിട്ടുമാണ് ഈ രേഖ രൂപീകരിച്ചിട്ടുള്ളത്. മാലിന്യനിർമ്മാർജ്ജനത്തിനും, പരിസ്ഥിതി സംരക്ഷണത്തിനും, ഭവനനിർമ്മാണത്തിനും, സ്ത്രീകളുടെയും, കുട്ടികളുടേയും, വയോജനങ്ങളുടേയും ഉന്നമനത്തിനും ലക്ഷ്യമിട്ടുകൊണ്ടുള്ള വിവിധ പദ്ധതികൾക്കാണ് ഈ പഞ്ചായത്ത് മുൻഗണന നൽകിയിട്ടുള്ളത്. ഈ പദ്ധതിരേഖ തയ്യാറാക്കുന്നതിനും വിവരശേഖരണത്തിനും ഒപ്പം നിന്ന് സഹായിച്ച ഭരണസമിതി ,ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ എന്നിവരോടുള്ള നന്ദിയും സ്നേഹവും പ്രകടിപ്പിച്ച്കൊണ്ട് ഇത് പൊതുജന സമക്ഷം സമർപ്പിക്കുന്നു.

മഞ്ഞള്ളൂർ, ടോമി തന്നിട്ടാംമാക്കൽ

17/02/2026 പ്രസിഡൻറ് മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

## പഞ്ചായത്ത്  ഭരണ സമിതി അംഗങ്ങൾ

| വാർഡ് നം | വാർഡിന്റെ പേര് | അംഗത്തിൻറെ പേര് | സ്ഥാനം | ഫോൺ നം. |
|---|---|---|---|---|
| 9 | കാപ്പ് നോർത്ത് | ടോമി തന്നിട്ടാംമാക്കൽ | പ്രസിഡന്റ് | 9946852641 |
| 2 | നീറംപുഴ | ജെസ്സി ജെയിംസ് എടപ്പാട്ട് | വൈസ് പ്രസിഡന്റ്/ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 8547621060 |
| 5 | വേങ്ങച്ചുവട് | സാന്റോസ് മാത്യു | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 9744405860 |
| 14 | വാഴക്കുളം സൌത്ത് | **മേരി ജോൺ** | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 9496045867 |
| 6 | മണിയന്തടം | ജിന്റോ ടോമി | ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 9947123819 |
| 1 | വാഴക്കുളം നോർത്ത് | ഡെയ്സി | ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ | 9745301221 |
| 3 | മഞ്ഞള്ളൂർ | ബിന്ദു ഗോപി | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ | 9539486874 |
| 4 | വടകോട് | സെൽവരാജ് ശ്രീധരൻ | ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ | 9744776705 |
| 7 | മാട്ടുപാറ | റാണി ഷാജി | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ | 9539672439<br>9400393746 |
| 8 | മടക്കത്താനം | സമീർ കോണിക്കൽ | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ | 9846212519 |
| 10 | കാപ്പ് ഈസ്റ്റ് | നിർമ്മല അനിൽ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ | 9747046862 |
| 11 | കാപ്പ് വെസ്റ്റ് | വാസന്തി സാബു | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ | 9895847982 |
| 12 | കദളിക്കാട് | റോബി തടത്തിൽ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ | 6238038231 |
| 13 | പിരളിമറ്റം | ഇ.കെ സുരേഷ് | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 9526134280 |

| | | | | |
|---|---|---|---|---|
| | | | മെമ്പർ | |
| | | | | |

## പഞ്ചായത്ത് ജീവനക്കാർ

1. ശ്രീ. ഷൈജു വർഗ്ഗീസ് (സെക്രട്ടറി)

2. ശ്രീമതി അഞ്ജു റ്റി വേണു (അസി.സെക്രട്ടറി )

3. ശ്രീ. സിബി വി വി (ഹെഡ് ക്ലാർക്ക്)

4. ശ്രീമതി ധന്യ വി (അക്കൗണ്ടന്റ്)

5. ശ്രീമതി രഞ്ജുഷ അഗസ്റ്റ്യൻ (സീനിയർ ക്ലാർക്ക്)

6. ശ്രീമതി അനു ജോയി (സീനിയർ ക്ലാർക്ക്)

7. ശ്രീ. റാഷിം ആർ (സീനിയർ ക്ലാർക്ക്)

8. ശ്രീ. എബി പി ജെയിംസ് (ക്ലാർക്ക്)

10. കുമാരി ബിൻസി ഐസക്ക് (ക്ലാർക്ക്)

9. ശ്രീമതി എലിസബത്ത് മരിയ ജെയ്സ് (ക്ലാർക്ക്)

11. ശ്രീമതി പരമേശ്വരി പി.ആർ (ഓഫീസ് അറ്റൻഡൻറ് )

12. ശ്രീമതി ചന്ദ്രിക വി.എ. (പി.ടി.എസ് )

13. ശ്രീമതി ഷൈലജ കെ.പി. (പി.ടി ലൈബ്രേറിയൻ)

14. ശ്രീമതി ചന്ദ്രവതി ഒ.പി. (പി.ടി.എസ് )

15. ശ്രീമതി സുമതി തങ്കപ്പൻ (പി.ടി.എസ് )

16. ശ്രീമതി രഞ്ജിനി സുമേഷ് (ടെക്നിക്കൽ അസിസ്റ്റൻറ് )

17. ശ്രീമതി ജോർണി ജോർജ്ജ് (പ്രോജക്ട് അസിസ്റ്റന്റ്

18. ശ്രീമതി നീതുമോൾ മാത്യു (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ)

19. ശ്രീമതി ലിറ്റി വർഗ്ഗീസ് (സാക്ഷരതാ പ്രേരക് )

20. ശ്രീമതി ജയ വർഗ്ഗീസ് (അക്രഡിറ്റഡ് എഞ്ചിനീയർ MGNREGS)

21. ശ്രീമതി റെജിമോൾ ജെയിംസ് (അക്കൗണ്ടന്റ് Cum ഡേറ്റാ എൻട്രി ഓപ്പറേറ്റർ

22. ശ്രീമതി സിന്ധു കെ.എ. ( ഓവർസിയർ- MGNREGS

23. ശ്രീ. സനീഷ് സഹദേവൻ ((ഡ്രൈവർ)

## ലോകസഭ-നിയമസഭ-ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

| | |
|---|---|
| എം.പി. | അഡ്വ. ഡീൻ കുര്യാക്കോസ് |
| എം.എൽ.എ. | ഡോ. മാത്യു കുഴൽനാടൻ |
| ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്റ് | ശ്രീ. കെ ജി രാധാകൃഷ്ണൻ |
| ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | ശ്രീ. നെജി ഷാനവാസ് പരമ്പിൽ |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ | ശ്രീ. ജോസ് പെരുമ്പിള്ളിക്കുന്നേൽ |
| | ശ്രീ. ജോസ് കളമ്പൂക്കാട്ട് |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| | |
|---|---|
| 1. പഞ്ചായത്ത് സെക്രട്ടറി | ശ്രീ. ഷൈജു വർഗീസ് |
| 2. അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി അഞ്ജു റ്റി വേണു |
| 3. മെഡിക്കൽ ഓഫീസർ (FHC) | ഡോ. ആൻസിലി ഐസക്ക് |
| 4. മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അനുമോൾ എസ്. |
| 5. മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.വികാസ് വിജയൻ |
| 6. വെറ്ററിനറി സർജൻ | ഡോ. വന്ദന വിജയചന്ദ്രൻ |
| 7. കൃഷി ഓഫീസർ | ശ്രീമതി ജിജി റ്റി കെ. |
| 8. അസി.എഞ്ചിനീയർ | ശ്രീമതി ജോമോൻ റ്റി പി |
| 9. ഹെഡ്മാസ്റ്റർ (LPS നീറമ്പുഴ) | ശ്രീമതി സീനിയ ദാനിയേൽ |
| 10. വി.ഇ.ഒ. മടക്കത്താനം, മഞ്ഞള്ളൂർ | ശ്രീമതി. സരിത ഇബ്രാഹിം |
| 11. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ലിജി പി.എ. |
| 12. ഡയറി ഫാം ഇസ്പെക്ടർ | ശ്രീമതി എലിസബത്ത് സി ജോർജ് |

## ആസൂത്രണ സമിതി അംഗങ്ങൾ

# പതിനാലാം പഞ്ചവത്സര പദ്ധതി (2022-27)
# ആസൂത്രണ സമിതി അംഗങ്ങളുടെ വിവരങ്ങൾ

| ക്രമനം | പേരും വിലാസവും | ഫോൺ- ഇമെയിൽ ഐഡി | പുനഃസംഘടിപ്പിച്ച ആസൂത്രണസമിതിയിലെ സ്ഥാനം | ഉൾപ്പെടുന്ന വിഭാഗം |
|---|---|---|---|---|
| 1 | ടോമി തന്നിട്ടാംമാക്കൽ | 9946852641 | അദ്ധ്യക്ഷൻ | തദ്ദേശഭരണ അദ്ധ്യക്ഷൻ |
| 2 | സാജു കണ്ണാറമ്പേൽ | 9747832530 | ഉപാദ്ധ്യക്ഷൻ | സന്നദ്ധപ്രവർത്തകർ |
| 3 | ജെസ്സി ജെയിംസ് എടപ്പാട്ട് | 8547621060 | അംഗം | വൈസ് പ്രസിഡന്റ് |
| 4 | സാന്റോസ് മാത്യു | 9744405860 | അംഗം | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ |
| 5 | മേരി ജോൺ | 9526134280 | അംഗം | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| 6 | ജിന്റോ ടോമി | 9947123819 | അംഗം | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ |
| 7 | എം.കെ മധു | 9747066204 | അംഗം | സന്നദ്ധപ്രവർത്തകർ |
| 8 | ജോൺസൺ വട്ടക്കുന്നേൽ | 9961434264 | അംഗം | സന്നദ്ധപ്രവർത്തകർ |
| 9 | അനിത റെജി | 9526292854 | അംഗം | സന്നദ്ധപ്രവർത്തകർ |
| 10 | ജാസ്മിൻ റെജി | 9744513892 | അംഗം | സന്നദ്ധപ്രവർത്തകർ |
| 11 | സജി കളപ്പുര | 9447066325 | അംഗം | സന്നദ്ധപ്രവർത്തകർ |
| 12 | ജോൺസൺ നെടുങ്കല്ലേൽ | 9846598458 | അംഗം | സന്നദ്ധപ്രവർത്തകർ |
| 13 | കൃഷ്ണൻകുട്ടി ചെങ്ങമനാട്ട് | 9072852388 | അംഗം | സന്നദ്ധപ്രവർത്തകർ |
| 14 | ഷൈജു വർഗീസ് | 9496045867 | കൺവീനർ | സെക്രട്ടറി |

# വർക്കിംഗ് ഗ്രൂപ്പ്

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | ചെയർമാൻ | കൺവീനർ |
|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും | ശ്രീ. ജെസ്സി ജെയിംസ് എടപ്പാട്ട് (വൈസ് പ്രസിഡന്റ്) | സെക്രട്ടറി |
| 2 | കൃഷി അനുബന്ധമേഖലകളും മണ്ണ് ജലസംരക്ഷണം , ജലസേചനം പരിസ്ഥിതി, വനവത്ക്കരണം | ശ്രീ.സാന്റോസ് മാത്യു | കൃഷി ഓഫീസർ |
| 3 | മൃഗസംരക്ഷണവും ക്ഷീരവികസനവും | ശ്രീമതി ബിന്ദു ഗോപി | സീനിയർ വെറ്റിനറി സർജൻ |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | ശ്രീമതി വാസന്തി സാബു | വി.ഇ.ഒ |
| 5 | ദാരിദ്ര്യലഘൂകരണം | ശ്രീമതി .മേരി ജോൺ | വി.ഇ.ഒ |
| 6 | സാമൂഹ്യ ക്ഷേമം | ശ്രീമതി സമീർ കോണിക്കൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 7 | വനിതാ വികസനം | ശ്രീമതി നിർമല അനിൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 8 | പട്ടികജാതി പട്ടികവർഗ്ഗവികസനം | ശ്രീ. സെൽവരാജ് ശ്രീധരൻ | അസി.സെക്രട്ടറി |
| 9 | ആരോഗ്യം | ശ്രീ. ജിൻറോ ടോമി | മെഡിക്കൽ ഓഫീസർ |
| 10 | കുടിവെള്ളം ശുചിത്വം | ശ്രീമതി ഡെയ്സി ജെയിംസ് | എ.ഇ |
| 11 | വിദ്യാഭ്യാസം സംസ്കാരം കല കായിക വികസനം യുവജനക്ഷേമം | ശ്രീ. ഇ കെ സുരേഷ് | ഹെഡ്മാസ്റ്റർ |
| 12 | പൊതുമരാമത്ത് | ശ്രീമതി ബിന്ദു ഗോപി | എ.ഇ |
| 13 | ജൈവവൈവിധ്യ മാനേജ്മെൻറ് , കാലാവസ്ഥാ വ്യതിയാനം , പരിസ്ഥിതി സംരക്ഷണം ദുരന്തനിവാരണം | ശ്രീ. ടോമി തന്നിട്ടാംമാക്കൽ , പ്രസിഡൻറ് | സെക്രട്ടറി |

## അദ്ധ്യായം 1

## വികസന സ്ഥിതി അവസ്ഥ ആമുഖം അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് |
| ബ്ലോക്ക് | മൂവാറ്റുപുഴ |
| ജില്ല | എറണാകുളം |
| പഞ്ചായത്ത് രൂപീകരണ വർഷം | : 1953 |
| വിസ്തൃതി | : 23.02 ച.കി.മീ |
| ജനസംഖ്യ | 17145 |
| സ്ത്രീകൾ | 8697 |
| പുരുഷന്മാർ | 8448 |
| പട്ടികജാതി | 1349 |
| സ്ത്രീകൾ | 673 |
| പുരുഷന്മാർ | 676 |
| പട്ടികവർഗ്ഗം | 75 |
| സ്ത്രീകൾ | 42 |
| പുരുഷന്മാർ | 33 |

## <u>അതിരുകൾ</u>

| | |
|---|---|
| വടക്ക് | കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | കുമാരമംഗലം ഗ്രാമപഞ്ചായത്ത് , തൊടുപുഴ മുനിസിപ്പാലിറ്റി |
| തെക്ക് | തൊടുപുഴ ആറ് |
| പടിഞ്ഞാറ് | ആവോലി ഗ്രാമപഞ്ചായത്ത് |

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വാർഷിക പദ്ധതിയുടെ ആരംഭത്തിലാണ് നാമിപ്പോൾ. കഴിഞ്ഞ 5 പഞ്ചവത്സര പദ്ധതികളിൽ നിന്നും എല്ലാ മേഖലയിലും ഒട്ടനവധി നേട്ടങ്ങൾ നമ്മൾ കൈവരിച്ച കഴിഞ്ഞു. എങ്കിലും നമ്മൾ വികസനത്തിൻ്റെ പൂർണ്ണതയിൽ എത്തിയിട്ടില്ല. വരും വർഷങ്ങളിലും വികസന പ്രവർത്തനങ്ങൾ നമുക്ക് തുടരേണ്ടതുണ്ട്. ആയതിൻ്റെ വെളിച്ച ത്തിൽ തൻവർഷവും വർക്കിംഗ് ഗ്രൂപ്പുകൾ കൂടി വികസന നിർദ്ദേശങ്ങൾ ക്രോഡീകരിച്ചും ഗ്രാമ സഭയുടെ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയാണ് കരട് പദ്ധതിരേഖ തയ്യാറാക്കിയിട്ടുള്ളത്.

ജനകീയാസൂത്രണ കാലഘട്ടത്തിൽ പഞ്ചായത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തന ങ്ങൾ ഒട്ടേറെയുണ്ട്. എങ്കിലും അവയിൽ പ്രധാനമായി എടുത്തുപറയാവുന്നത് പഞ്ചായത്ത് സ്ഥാപി ച്ചതിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വാഴക്കുളം ബസ് സ്റ്റാൻ്റിൽ നിർമ്മിച്ച പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടവും അതിനോട് അനുബന്ധിച്ചുള്ള പഞ്ചായത്ത് ഓഫീസുമാണ്. പഞ്ചായത്ത് ബസ് സ്റ്റാൻ്റ്, വിവിധ വാർഡുകളിലുള്ള അങ്കണവാടി കെട്ടിടങ്ങൾ, പി.എച്ച്.സി.ക്കു വേണ്ടി നിർമ്മിച്ചിട്ടുള്ള കെട്ടിടം, വേങ്ങച്ചുവട്ടുള്ള വ്യവസായ വികസന കേന്ദ്രം, മണിയന്തടത്ത് നിർമ്മിച്ചിട്ടുള്ള കമ്മ്യൂണിറ്റി ഹാൾ, വിവിധ വാർഡുകളിലുള്ള ഫാമിലി വെൽഫെയർ സെൻ്ററു കൾ, പൈനാപ്പിൾ മാർക്കറ്റിൽ നിർമ്മിച്ചിട്ടുള്ള പഞ്ചായത്ത് കെട്ടിടങ്ങൾ, കദളിക്കാട് ഹോമിയോ ഡിസ്പെൻസറി, ആയുർവേദ ഡിസ്പെൻസറി, മൃഗാശുപത്രിക്ക് കെട്ടിട നിർമ്മാണം, വടവുകോട് അഗ്രോ സർവ്വീസ് സെൻ്റർ, കാർഷിക മേഖലയിലെ യന്ത്രവൽകൃത പദ്ധതികൾ, ജലസേചന ആവ ശ്യത്തിനുള്ള കുളങ്ങളുടെ പുനരുദ്ധാരണം, വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം. ലൈഫ് ഭവനപദ്ധതിക്കായി ഭൂമി വാങ്ങൽ എന്നിവ പ്രധാന പദ്ധതികൾ ആയിരുന്നു.

ജനകീയാസൂത്രണത്തിൻ്റെ ആദ്യകാലങ്ങളിൽ ഉൽപ്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നത്. ആദ്യകാലങ്ങളിൽ നെൽകൃഷി പ്രോത്സാഹനം, കാർഷിക മേഖലയിലെ യന്ത്രവൽക്കരണം, തരിശുഭൂമിയിലെ കൃഷി പ്രോത്സാഹനം, കൃഷിക്ക് വളം സബ്സിഡി, കേരഗ്രാമം പദ്ധതി, തെങ്ങിൻതൈ വിതരണം, കാർഷിക കർമ്മസേനയുടെ പ്രവർത്തനം എന്നിവ എടുത്ത് പറയേണ്ടതാണ്. തുടർന്നും പതിനാലാം പഞ്ചവ ത്സര പദ്ധതിയിലും തരിശുഭൂമി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നെൽകൃഷി വികസനത്തിനും, തെങ്ങ്, വാഴ, ജാതി, പൈനാപ്പിൾ എന്നിവയുടെ വികസനത്തിനും ധനസഹായം നൽകുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിൻ്റെ ഭാഗമായുള്ള ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയിലേയ്ക്ക് തുക ലഭ്യമാക്കിയിട്ടുണ്ട്.

മൃഗസംരക്ഷണ മേഖലയിൽ ക്ഷീരകർഷകർക്ക് കൃഷി പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ, കന്നുകുട്ടി പരിപാലന പദ്ധതി, പശുവളർത്തൽ എന്നിവയ്ക്കുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ക്ഷീരകർഷകരുടെ ഉന്നമനത്തിനായി തൻവർഷവും കാലിത്തീറ്റ സബ്സിഡി, ക്ഷീരകർഷ കർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ആരോഗ്യമേഖലയിൽ എഫ്.എച്ച്.സി., രണ്ട് സബ്സെൻ്റർ, ഒരു ഹോമിയോ ഡിസ്പെൻസറി , ഒരു ആയുർവേദ ആശുപത്രി എന്നിവ പ്രവർത്തിച്ചു വരുന്നു. ആരോഗ്യ മേഖലയിലെ സമഗ്രവി കസനത്തിനായുള്ള പദ്ധതികൾ എഫ്.എച്ച്.സി., ഹോമിയോ ഡിസ്പെൻസറി, ആയുർവേദ ആശുപത്രി എന്നിവയിലേയ്ക്ക് മരുന്നുവാങ്ങുന്നതിനുള്ള പദ്ധതികൾ, ഇവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പാക്കുന്നു.

സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി പ്രകാരം ഭവന രഹിതരായ ഒട്ടുമിക്ക ആളുകൾക്കും വീട് നൽകുന്നതിന് വിവിധ പദ്ധതികൾ പ്രകാരം സാധിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ സർക്കാർ നിർദ്ദേ ശപ്രകാരമുള്ള ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീടും സ്ഥലവും ഇല്ലാത്തവർക്ക് വീടും സ്ഥലവും നൽകൽ, വീടില്ലാത്തവർക്ക് വീട് നൽകൽ എന്നീ പദ്ധതികൾ ഈ മേഖലയിൽ എടുത്ത് പറയാവുന്നതാണ്. ഈ വർഷവും ലൈഫ് ഭവന പദ്ധതി (ജനറൽ, എസ്.സി.), വീട് മെയിൻ്റനൻസ് (ജനറൽ, എസ്.സി./എസ്.റ്റി) എന്നിവ നടപ്പിലാക്കുന്നുണ്ട്.

മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേനയുടെ പ്രവർത്തനം വളരെ മികച്ച രീതിയിൽ നടന്നുവരുന്നു.2023-24 വാർഷിക പദ്ധതിയിൽ 260 വീടുകളിൽ ബയോബിൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ വീടുകളിലേക്കും ബയോബിൻ എത്തിക്കുന്നതിന് ഈ വർഷവും ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

വിദ്യാഭ്യാസ മേഖലയിൽ ഒരു ഗവ. എൽ.പി.സ്കൂളും ആറ് എയ്ഡഡ് സ്കൂളുകളും മൂന്ന് ഹൈസ്കൂളുകളും, രണ്ട് ഹയർ സെക്കൻററി സ്കൂളുകളും നമുക്കുണ്ട്. നീറംപുഴ എൽ. പി.സ്കൂളിനോട് അനുബന്ധിച്ച് ഒരു ബി.ആർ.സി.യും പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസ മേഖലയിലെ വികസനത്തിന് എസ്.എസ്.എ. ഫണ്ട് തൻവർഷവും അനുവദിച്ചിട്ടുണ്ട്.

കുടിവെള്ള മേഖലയിൽ വിവിധ പദ്ധതികൾ പലവർഷങ്ങളിലായി നടപ്പിലാക്കിയിട്ടുണ്ട് എങ്കിലും പഞ്ചായത്തിൻ്റെ പല ഭാഗങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ജലജീവൻമിഷൻ പദ്ധതിപ്രകാരം എല്ലാ കുടുംബങ്ങൾക്കും സൗജന്യ വാട്ടർക ണക്ഷൻ നൽകുന്ന പദ്ധതി തൻവർഷവും നടപ്പിലാക്കുന്നുണ്ട്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗതാഗത യോഗ്യമല്ലാതിരുന്ന റോഡുകൾ എല്ലാം ഗതാഗത യോഗ്യമാക്കി തീർക്കുന്നതിന് സാധിച്ചിട്ടുണ്ട്. തൻവർഷവും റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് എല്ലാ വാർഡുകളിലേയും റോഡുകൾ മെയിൻ്റനൻസ് ചെയ്യുന്നതിനും തുക

വകയിരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഗതാഗത പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണുവാൻ സാധിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഉന്നമനത്തിനായി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്, പഠനോപകരണങ്ങൾ എന്നിവ തൻവർഷവും നടപ്പിലാക്കുന്നു. സംസ്ഥാന സർക്കാരിന്റെ പദ്ധതിയായ വാതിൽപടി സേവന പദ്ധതിക്കും തൻവർഷം തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## അദ്ധ്യായം 2

## പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-2022) വിലയിരുത്തൽ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2017-22 വരെയുള്ള 5 വർഷങ്ങളിലും എല്ലാ മേഖ ലകളിലും തൃപ്തികരമായ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിട്ടുണ്ട്. വിവിധ മേഖ ലകളിലെ ഇടപെടലുകളെക്കുറിച്ച് യഥാർത്ഥ വിലയിരുത്തൽ നടത്തുന്നത് ഭാവി വികസന പ്രവർത്തികൾ കൂടുതൽ മികവാർന്ന രീതിയിൽ നടപ്പിലാക്കുവാൻ നമുക്ക് സാധിക്കുന്നതാണ്. 2025-26 സാമ്പത്തിക വർഷത്തിൽ 50 ശതമാനത്തിന് മുകളിൽ പദ്ധതികൾ പൂർത്തീകരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

### പ്രധാന നേട്ടങ്ങൾ

1. നെൽകൃഷി, പൈനാപ്പിൾ കൃഷി, നേന്ത്രവാഴകൃഷി, ജാതികൃഷി ഉൾപ്പെടെ കാർഷിക മേഖ ലയിൽ ശ്രദ്ധേയമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. തരിശുഭൂമിയിലെ കൃഷി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

2. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോ പിപ്പിക്കുന്നതിനും ക്ഷീരവികസനത്തിനും ഉതകുന്ന പ്രവർത്തനങ്ങൾ കൈക്കൊള്ളുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതി, കാലിത്തീറ്റ സബ്സിഡി, പാലിന് സബ്സിഡി എന്നിവയും വളരെ വിജയകരമായി നടപ്പിലാക്കി വരുന്നു.

3. ദാരിദ്ര്യ ലഘൂകരണ മേഖലയിൽ കുറേയേറെ നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞു എങ്കിലും പൂർണ്ണതയിലെത്തുവാൻ സാധിച്ചിട്ടില്ല. ലൈഫ് ഭവന പദ്ധതി പ്രകാരവും, പി.എം. എ.വൈ. പദ്ധതി പ്രകാരവും ഏതാണ്ട് 80 ശതമാനം പാർപ്പിടപ്രശനത്തിന് പരിഹാരം കാണു വാൻ സാധിച്ചിട്ടുണ്ട്. കുടുംബശ്രീ, ഐ.സി.ഡി.എസ്. തുടങ്ങിയ പദ്ധതികളിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും പുരോഗതി നേടിയിട്ടുണ്ട്.

4. വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഉതകുന്ന പദ്ധതികൾ ഏറ്റെ ടുത്തിട്ടുണ്ട്. സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയിലൂടെ വിദ്യാഭ്യാസ പുരോഗതി ഉറപ്പ് വരു ത്തുവാൻ സാധിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് പഠനോപകര ണം, ലാപ്ടോപ്പ് എന്നിവ നൽകുന്ന പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

5. ആരോഗ്യ രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും മികച്ച ആരോഗ്യ പരിചരണങ്ങൾ നൽകുവാനും സാധിച്ചു. ആശുപത്രികളിലേയ്ക്ക് മരുന്നുകൾ വാങ്ങി നൽകു വാനും പാലിയേറ്റീവ് കെയർ പദ്ധതി മുഖേന മെച്ചപ്പെട്ട സാന്ത്വന പരിചരണങ്ങൾ നൽകു വാനും സാധിച്ചു. പ്രൈമറി ഹെൽത്ത് സെൻ്റർ, ഫാമിലി ഹെൽത്ത് സെൻ്ററായി ഉയർത്തുന്നതിന് സാധിച്ചു.

6. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തി ജനങ്ങൾക്ക് സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുവാൻ സാധിച്ചു. ഇ-ഗവേൺസ് രംഗത്ത് ശരാശരിയിലും അധികരിച്ച നേട്ടം കൈവരിച്ചു.

7. അടിസ്ഥാന സൗകര്യങ്ങളായ ഭവനം, കുടിവെള്ളം, ശുചിത്വം തുടങ്ങിയ മേഖലകളിൽ നിർണ്ണാ യക വളർച്ച കരസ്ഥമാക്കുവാൻ സാധിച്ചു. ശുചിത്വമിഷൻ്റെ സഹായത്തോടെ ബയോഗ്യാസ് പ്ലാൻ്റുകൾ, പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ, ശൗചാലയ അറ്റകുറ്റപണികൾ എന്നിവ നൽകു വാൻ സാധിച്ചു. ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിലൂടെ മാലിന്യ നിർമ്മാർജ്ജനത്തിന് ചെറിയ രീതിയിൽ തുടക്കം കുറിക്കുവാൻ സാധിച്ചു.

8. പൊതുപശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ഗണ്യമായ വിജയം കൈവരിച്ചു. റോഡു കൾ, നടപ്പാതകൾ, വിദ്യാലയങ്ങൾ, ആശുപത്രി കെട്ടിടങ്ങൾ മുതലായ സ്ഥാപനങ്ങൾ നവീക രിക്കുവാൻ സാധിച്ചു. ഊർജ്ജരംഗത്ത് വോൾട്ടേജ് ക്ഷാമം ഒരുപരിധിവരെ പരിഹരിക്കുവാൻ സാധിച്ചു. എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റും, സ്ട്രീറ്റ് മെയിനും വലിച്ചുള്ള പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചു.

## ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ

1. കാർഷിക മേഖലയിൽ നമ്മൾ വിഭാവനം ചെയ്ത ഉൽപ്പാദന വർദ്ധനവും സാമ്പത്തിക നേട്ട ങ്ങളും കൈവരിക്കുവാൻ സാധിക്കുന്നില്ല. കാർഷിക മേഖലയിൽ തൊഴിലാളികളുടെ ലഭ്യത കുറവ് മൂലം നിരവധി പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു. കൃഷിയിൽ നിന്നുള്ള ജനങ്ങളുടെ പിന്മാറ്റം പദ്ധതി നടത്തിപ്പുകളെ കാര്യമായി ബാധിക്കുന്നുണ്ട്.

2. മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ജനങ്ങൾ ഈ പ്രവർത്തനങ്ങ ളിൽ പങ്കാളികളാകുന്നില്ല.

3. ഗുണഭോക്താക്കളുടെ ലഭ്യതക്കുറവ് മൂലം പദ്ധതികൾ മുഴുവനായും പൂർത്തീകരിക്കുവാൻ സാധി ക്കാതെ വരുന്നു.

4. പ്രാദേശിക സാമ്പത്തിക വകസനത്തിൽ നമുക്ക് വളരെ മുന്നേറുവാനായിട്ടില്ല. വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതി പ്രകാരം കൂടുതൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

5. മണിയന്തടം ഹരിജൻ കോളനിയുടെ ചില പ്രദേശങ്ങളിൽ കടുത്ത വേനലിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കുന്നതിന് ജലജീവൻമിഷൻ പദ്ധതിയിൽപ്പെടുത്തി പരിഹാരം കാണേണ്ടതാണ്.

## അദ്ധ്യായം 3

## പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

ഉൽപ്പാദന മേഖലയിൽ തൊഴിലാളികളുടെ ലഭ്യതക്കുറവ് ഒരു പ്രധാന വെല്ലുവിളിയാണ്. അനർഹരായ ഗുണഭോക്താക്കൾ പദ്ധതിയിൽ ഉൾപ്പെടുന്നതും പദ്ധതിയുടെ നടത്തിപ്പിലുണ്ടാകുന്ന കാലതാമസവും പ്രധാനമായ പ്രശ്നങ്ങളാണ്. കുടിവെള്ളം, നല്ല റോഡുകൾ, വാസയോഗ്യമായ വീടുകൾ എന്നിവയുടെ അപര്യാപ്തതയാണ് പ്രധാന പ്രശ്നങ്ങൾ. വരും വർഷങ്ങളിലെ ത്രിതല പഞ്ചായത്തുകളിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നുമുള്ള വിവിധങ്ങളായ പദ്ധതികൾ പഞ്ചായത്തിൽ കൊണ്ടു വന്ന് മേൽപ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ ശ്രമിക്കുന്നതാണ്.

## അദ്ധ്യായം 4

## വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

അധികാര വികേന്ദ്രീകരണത്തിൻറെ ഗുണങ്ങൾ സാധാരണക്കാരിലും മറ്റുള്ളവരിലും എത്തിക്കുവാൻ കഴിഞ്ഞുവെന്ന് മുൻ പഞ്ചവത്സര പദ്ധതികൾ പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും. മുൻ പദ്ധതികളുടെ മാർഗ്ഗ രേഖകൾ പരിശോധിച്ചാൽ കാർഷിക മേഖലയ്ക്ക് മുഖ്യ പ്രധാന്യം നൽകിയിട്ടുണ്ടെന്ന് കാണാൻ കഴിയും. പ്ലാൻ ഫണ്ടിൻറെ പ്രധാന തുക ഓരോ വർഷവും ഉൽപ്പന്ന മേഖലയിൽ ചെലവഴിക്കണമെന്നതാണ് വ്യവസ്ഥ. ഇതനുസരിച്ച് കഴിഞ്ഞ വർഷക്കാലവും ഉൽപ്പന്ന മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് നമ്മുടെ പഞ്ചായത്ത് മുമ്പോട്ട് പോയിക്കൊണ്ടിരിക്കുന്നത്. നെൽകൃഷിക്ക് ഊന്നൽ നൽകി പാടശേഖര സമിതികൾ വഴി ഒട്ടനവധി അനുകൂല്യങ്ങൾ നൽകി. ആയതിന്റെ നേട്ടങ്ങൾ ഉണ്ടാക്കുവാനും നമ്മൾക്ക് കഴിഞ്ഞിട്ടുണ്ട്.

പതിമൂന്നാം പദ്ധതിയുടെ കാഴ്ചപ്പാട് അനുസരിച്ച് നീർത്തട വികസനവും ജൈവകൃഷിയുടെ പ്രോത്സാഹനത്തിനും പ്രാധാന്യം നൽകേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ പദ്ധതിക്കാ ലത്ത് നീർത്തടാധിഷ്ഠിത കൃഷിവികസനത്തിന് മുൻതൂക്കം നൽകി പദ്ധതികൾ ആവിഷ്കരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ പഞ്ചായത്ത് പൈനാപ്പിൾ കൃഷിയുടെ കേന്ദ്രമാണ്. ഈ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം ചെറുകിട പൈനാപ്പിൾ കൃഷിക്കാർ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കും പരിഹാരം കാണാനും നമ്മൾക്ക് കഴിയണം. ഇടത്തട്ടുകാരെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടും നടുക്കര പൈനാപ്പിൾ ഫാക്ടറിയുമായി ബന്ധപ്പെട്ട് എക്കാലവും ന്യായ മായ വില ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മഞ്ഞള്ളൂർ പഞ്ചായത്തിൻറെ സമ്പദ്ഘടനയിൽ നിർണ്ണായകമായ സ്വാധീനം കാർഷിക മേഖല യ്ക്കുണ്ട്. ജനങ്ങളുടെ സാമ്പത്തിക അവസ്ഥ പൂർണ്ണമായും കൃഷിയെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ പഞ്ചായത്ത് പൈനാപ്പിൾ കൃഷിയുടെ കേന്ദ്രമാണ്. പൈനാപ്പിൾ കൃഷിക്ക് പ്രോത്സാഹനം നൽകു ന്നതോടൊപ്പം തന്നെ അവ സംസ്കരിക്കുന്ന വ്യവസായ യൂണിറ്റുകൾക്കൂടി തുടങ്ങുന്നതിന് നമുക്ക് സാധിക്കേണ്ടതുണ്ട്.

പരമ്പരാഗത കൃഷിപ്പണിയിലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണം കുറഞ്ഞതും, ഉയർന്ന കൂലിച്ചെ ലവും കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ കുറയുന്നതിന് കാരണമായി. തൊഴിലുറപ്പ് പദ്ധതി പ്രകാരം സ്വകാര്യഭൂമിയിലും കൃഷിപ്പണികൾ നടന്നുവരുന്നു. സംസ്ഥാന സർക്കാരിൻറെ കൃഷിയെ

പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായുള്ള ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതി നടപ്പിലാക്കു ന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ മുഴു വൻ തരിശുഭൂമികളും ഏറ്റെടുത്ത് നെൽകൃഷി ഉൾപ്പെടെ വിവിധ തരത്തിലുള്ള കൃഷികൾ ആരംഭിക്കും. തൊഴിലുറപ്പ്, കുടുംബശ്രീ, സ്വാശ്രയസംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ ഇവയുടെയെല്ലാം സേവനങ്ങൾ കാർഷിക മേഖലയിൽ പരമാവധി പ്രയോജനപ്പെടുത്തും.

മൃഗസംരക്ഷണ മേഖലയിൽ അത്യുൽപ്പാദന ശേഷിയുള്ള പശുക്കളുടെ വിതരണം, കന്നുകുട്ടി പരിപാലനം എന്നിവ നടത്തുന്നതാണ്.

സാമ്പത്തിക നേട്ടം കൈവരിക്കുവാനുതകുന്ന തൊഴിൽ പരിശീലനങ്ങൾ നൽകുക വഴി കുടുംബശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്തുകയും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാനും സാമ്പത്തിക നേട്ടം ഉറപ്പുവരുത്തുവാനും സാധിക്കണം. സ്ത്രീശാക്തീകരണത്തിന് മുൻതൂക്കം നൽകുക, സ്ത്രീകളുടെ പദവി ഉയർത്തുക എന്നീ ലക്ഷ്യങ്ങൾക്കുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

ലൈഫ് ഭവന പദ്ധതി പ്രകാരവും കേന്ദ്ര സർക്കാരിൻറെ പി.എം.എ.വൈ. ഭവന പദ്ധതി പ്രകാരവും പാർപ്പിട പ്രശ്നത്തിന് ഈ വർഷവും പരിഹാരം കാണുവാൻ സാധിക്കും. കുടുംബശ്രീ, ഐ.സി.ഡി.എസ്. തുടങ്ങിയ പദ്ധതികളിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും പുരോഗമിച്ചു വരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിലില്ലായ്മ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട്.

ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെൻററിൽ നിന്ന് കൂടുതൽ സൗകര്യത്തോടുകൂടിയുള്ള ഫാമിലി ഹെൽത്ത് സെൻറർ ആയി മാറുകയും ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ എത്തുകയും ചെയ്തിട്ടുണ്ട്. പുതുതായി തുടങ്ങിയ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതി നുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനു വേണ്ടി ഗവൺമെൻറിൽനിന്നും ഫണ്ട് കണ്ടെത്തി ജന ങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ വിധത്തിലേയ്ക്ക് ആശുപത്രിയെ എത്തിക്കുക എന്നതായി രിക്കും നമ്മുടെ പ്രധാന ലക്ഷ്യം.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഉൽപ്പാദമേഖലയിലും സേവന മേഖലയിലും പരമാ വധി നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന വിധം എസ്.സി.പി, ടി.എസ്.പി. ഫണ്ടുകൾ നീതിപൂർവ്വം വിനിയോഗിക്കുവാൻ നമുക്ക് കഴിയണം. പഞ്ചായത്തിൽ നടപ്പാക്കുന്ന എല്ലാ പദ്ധതികളും അതിൻറെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസരിച്ച് പൂർത്തിയാക്കാൻ നമ്മൾക്ക് കഴിയണം. സാമൂഹ്യ-സാമ്പത്തിക നേട്ടങ്ങൾ ഉറപ്പാക്കാൻ കഴിയുന്ന വിധം മോണിട്ടറിംഗ് സംവിധാനം നമുക്കുണ്ട്. പ്രോജക്ട്കൾ എഴുതി തയ്യാറാക്കുന്ന വർക്കിംഗ് ഗ്രൂപ്പുതന്നെ മോണിട്ടറിംഗ് സംവിധാനം ഫലപ്രദമാക്കിയും ഗുണനിലവാരമുള്ള പദ്ധതികൾക്ക് പഞ്ചായത്തിലെ വിദഗ്ധരായ ഗുണഭോക്താക്കളുമായി ചർച്ച നടത്തുകയും ചെയ്യുകവഴി പദ്ധതി കൾ കുറ്റമറ്റതാക്കാൻ കഴിയണം.

## അദ്ധ്യായം 5

## വിഭവസ്രോതസ്സുകളും വകയിരുത്തലുകളും

# 2026-27 വാർഷിക പദ്ധതി

## പ്രതീക്ഷിക്കുന്ന വിഭവ സ്രോതസ്സുകൾ

| | |
|---|---|
| വികസന ഫണ്ട് | 21520000 |
| കേന്ദ്ര ധനകാര്യകമ്മീഷൻ അടിസ്ഥാന ഗ്രാൻറ് | 1775000 |
| കേന്ദ്ര ധനകാര്യകമ്മിഷൻ പ്രത്യേക ഗ്രാന്റ് | 2662000 |
| എസ്.സി.പി. | 4054000 |
| റ്റി.എസ്.പി. | 192000 |
| **ആകെ** | **30203000** |
| മെയിൻറനൻസ് ഗ്രാന്റ്റ് റോഡ് | 13257000 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 5604000 |
| **ആകെ** | **18861000** |

## ഓരോ വിഭാഗത്തിനും വകയിരുത്തേണ്ടത്

നിർബന്ധിത വകയിരുത്തൽ

| | |
|---|---|
| ഉൽപ്പാദനം (30%) | 5164800 |
| വനിതാഘടകം (10%) | 2146200 |
| ഭിന്നശേഷി/ഭിന്നലിംഗക്കാർ / കുട്ടികൾ (5%) | 1073100 |
| വയോജനക്ഷേമം/ പാലിയേറ്റീവ് കെയർ (5%) | 1073100 |
| പാർപ്പിട മേഖല | 5153200 |
| അംഗൻവാടി പോഷകാഹാരം | 1600000 |
| എസ്.എസ്.എ. | 500000 |

| | |
|---|---|
| ആശ്രയ | 200000 |
| പാലിയേറ്റീവ് കെയർ | 800000 |
| ഭിന്നശേഷി സ്കോളർഷിപ്പ് | 1000000 |
| ഐ.കെ.എം. വിഹിതം | 75000 |

# അദ്ധ്യായം 7

## പ്രത്യേക പദ്ധതികൾ

അതിദാരിദ്ര്യ ലഘൂകരണത്തിനും, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും, വയോജനങ്ങളുടെ സുരക്ഷയ്ക്കും എസ്.സി/എസ്.റ്റി വിഭാഗത്തിൻറെ ക്ഷേമത്തിനും പ്രത്യേക പദ്ധതികൾ രൂപ കല്പന ചെയ്യുന്നുണ്ട്. വനിത വികസന പദ്ധതികൾക്കായി 10% തുകയും വൃദ്ധർക്കും, ഭിന്നശേഷി വിഭാഗത്തിനും, സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ ക്ഷേമപദ്ധതികൾക്കായി 5 ശതമാനം തുക വീതവും, വനിതാഘടക പദ്ധതിക്കായി 10 ശതമാനം തുകയും, പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ ക്ഷേമപദ്ധതിക്കായി ശതമാനം തുകയും വകയിരുത്തുന്നുണ്ട്.

1. പട്ടികജാതി ഉപപദ്ധതി

പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനും പട്ടികജാതി വിഭാഗത്തിലുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്,വിവാഹ ധനസഹായം എന്നീ പദ്ധതികളാണ് 2024-25 വർഷ ത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്

2. പട്ടികവർഗ്ഗ ഉപപദ്ധതി

ഭവന പുനരുദ്ധാരണം, എസ്.എസ്.കെ. വിഹിതം എന്നീ പദ്ധതികളാണ് 2024-25 വർഷത്തിൽ ഏറ്റെടുക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളത്

3. വനിതാ ഘടകപദ്ധതി

വനിതകൾക്ക് ഗ്രൂപ്പ് വ്യക്തിഗത, സംരംഭങ്ങൾ ആരംഭി ക്കുന്നതിനാണ് 2026-27 പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്

4. സാമൂഹ്യ സുരക്ഷ പദ്ധതി

പാലിയേറ്റീവ് കെയർ പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്, വൃദ്ധർക്ക് ഉപകരണങ്ങൾ നൽകൽ, അംഗനവാടികളുടെ പുനരുദ്ധാരണം എന്നീ പദ്ധതികൾ തുടരുന്നുണ്ട്.

5. ലൈഫ്, ഹരിതകേരളം

സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയായ ലൈഫിൽ അർഹരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കി. ഹരിതകേരളം പദ്ധതിയിൽപ്പെടുത്തി NRR Centre ലേയ്ക്ക് മാലിന്യം എത്തിക്കുന്നതിന് ഹരിതകർമ്മ സേനയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയും പൊതുജനാരോഗ്യവും പൊതുവിദ്യാഭ്യാസവും ഉന്നതനിലവാരത്തി ലെത്തിക്കുന്നതിനുള്ള പദ്ധതികളും തൻവർഷം വിഭാവനം ചെയ്തിട്ടുണ്ട്.

6. ആസ്തി സംരക്ഷണം

പഞ്ചായത്ത് ഓഫീസ് കെട്ടിടം ക്യാബിൻ തിരിച്ച് ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തിന്റെ മുഴുവൻ റോഡുകളും മെയിൻ്റനൻസ് ചെയ്ത് സഞ്ചായരയോഗ്യമാക്കുവാനും പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വിപുലീകരിക്കുന്നതിനും പദ്ധതി തുടർന്നു വരുന്നു. 2026-27 വർഷം പഞ്ചായത്തിന് പുതിയ കോൺഫറൻസ് ഹാൾ നിർമ്മാണം എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

7. അടിസ്ഥാന സേവന ഉപപദ്ധതി

ഭവനരഹിതരായ മുഴുവൻ പേർക്കും ഭവനം, ഭൂരഹിതരായവർക്ക് ഭൂമി എന്നീ പദ്ധതികൾ സംസ്ഥാന സർക്കാരിൻ്റെ ലൈഫ് മിഷൻ്റെ ഭാഗമായി പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് മെയിൻ്റൻസിനും പുതിയവ വാങ്ങി സ്ഥാപിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

8. സദ്ഭരണം

സു താര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാര്യക്ഷ മവും നീതിപൂർവ്വകവും നിയമവാഴ്ചയിലധിഷ്ഠിതവുമായ സദ്ഭരണ പദ്ധതിയാണ് മഞ്ഞള്ളൂർ പഞ്ചായത്തിൽ

വിഭാവനം ചെയ്തിട്ടുള്ളത്.പഞ്ചായത്താഫീസിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇ.ഗവേൺസ് രേഖകളുടെ സൂക്ഷിപ്പിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഐ.എസ്.ഒ. സർട്ടിഫിക്കേഷനുള്ള പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യായം 8

## വായ്പാ ബന്ധങ്ങൾ

14-ാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് അധിക വിഭവ സമാഹരണമാണ്. കുടുംബശ്രീ സംരംഭങ്ങൾക്കും, മറ്റ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്കും ബാങ്ക് വായ്പ അനിവാര്യമാകുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് എന്ന രീതിയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് നൽകുന്ന തുകയ്ക്ക് ആനുപാതികമായി ബാങ്ക് വായ്പ ഉൾപ്പെടുത്തികൊണ്ടാണ് പദ്ധതികൾ ആവിഷ്കരിക്കപ്പെടുന്നത്. വായ്പ അധിഷ്ഠിത സംരംഭങ്ങൾ തുടങ്ങുവാനും ഉദ്ദേശിക്കുന്നുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ വിഭവ സമാഹരണസ്രോതസ്സായി ഉൾക്കൊള്ളിക്കുവാൻ വേണ്ട നടപടികൾ ഈ 14-ാം പദ്ധതിക്കാലത്ത് ലക്ഷ്യമിടുന്നു.

## അദ്ധ്യായം 9

## സമഗ്രപരിപാടികളും സംയോജന സാദ്ധ്യതകളും

കേന്ദ്ര സംസ്ഥാന പദ്ധതികളും ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളും പരിശോധിച്ച് സാധ്യമായവയിൽ സംയോജനം സാധിക്കുന്ന പദ്ധതികളാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്

2026-27 വർഷത്തിൽ ഏറ്റെടുക്കുന്ന പദ്ധതികൾ

1. ലൈഫ് ഭവന പദ്ധതി

2. അംഗൻവാടി പോഷകാഹാരം

3. ശാരീരികവും മാനസികവുമായ വൈകല്യമുള്ള കുട്ടികൾക്ക് പഠനധനസഹായം

4. ആശ്രയ പദ്ധതി

5. ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

6. പട്ടികജാതി കുട്ടികൾക്ക് സ്കോളർഷിപ്പ്

7. പാലിയേറ്റീവ് കെയർ

8. നെൽകൃഷി വികസനം

മറ്റ് മേഖലകളുമായും കേന്ദ്ര സംസ്ഥാന പദ്ധതികളുടെയും മിഷനുകളുടെയും മേൽത്തട്ട്/കീഴ്ത്തട്ട് തദ്ദേശസ്ഥാപനങ്ങളുമായും ഉള്ള സംയോജന സാദ്ധ്യതകൾ, സംയോജിത പരിപാടികൾ സംയുക്ത പ്രോജക്ടുകൾ എന്നിവയെക്കുറിച്ച് ആരായുകയും അത്തരത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാനും 14–ാം പദ്ധതിയിൽ ലക്ഷ്യമിടുന്നു. അതുപോലെ തന്നെ, മനുഷ്യവിഭവങ്ങളെ പരമാവധി സംയോജിപ്പിക്കണം. ആസൂത്രണ പ്രക്രിയയിലെ ജന പങ്കാളിത്തത്തിന് ഇത് അനിവാര്യമാണ്.

കേന്ദ്രാവിഷ്കൃത ഫണ്ട് സംസ്ഥാന വിഹിതവുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കണം. തൊഴിലുറപ്പ് പദ്ധതി സേവനങ്ങൾ കക്കൂസ് നിർമ്മാണം, കക്കൂസ് മെയിന്റനൻസ്, വീട് നിർമ്മാണം മുതലായ വേലകളുമായി സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കണം. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകളുമായെല്ലാം സഹകരിച്ച് പദ്ധതികൾ തയ്യാറാക്കാം. വിവിധ വികസന മേഖലകളിൽ അങ്ങനെ സ്ഥാപനങ്ങൾ ചേർന്നുകൊണ്ടും സമീപ പഞ്ചായത്തുകളെ തമ്മിൽ സംയോജിപ്പിച്ചുകൊണ്ടുമെല്ലാം പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തുവാനും 14–ാം പദ്ധതിക്കാലത്ത് ലക്ഷ്യമിടുന്നുണ്ട്.

## അദ്ധ്യായം 10

## പദ്ധതി മോണിട്ടറിംഗ്

14–ാം പഞ്ചവത്സര പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിന് വിശദമായ മോണിറ്ററിംഗ് സംവിധാനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനായി ഗുണഭോക്തൃ മോണിറ്ററിംഗ് സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി യഥാസമയം യോഗം ചേർന്ന് ഒരോ പദ്ധതി നടത്തിപ്പിന്റേയും അവലോകനം നടത്തണം. മോണിറ്ററിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി പഞ്ചായത്തുതല മോണിറ്ററിംഗ് സമിതി രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

പഞ്ചായത്ത്തല മോണിറ്ററിംഗ് സമിതി

| | |
|---|---|
| ചെയർമാൻ ` | പഞ്ചായത്ത് പ്രസിഡന്റ് |
| കൺവീനർ | സെക്രട്ടറി |
| അംഗങ്ങൾ | പഞ്ചായത്ത് മെമ്പർമാർ, |
| | വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ |

ഓരോ മൂന്ന് മാസം കൂടുമ്പോഴും പഞ്ചായത്ത്തല മോണിറ്ററിംഗ് സമിതിയോഗം ചേർന്ന് പദ്ധതി അവലോകനം നടത്തണം.

പ്രോജക്ട് തല മോണിറ്റിംഗ് സമിതി

ഓരോ പ്രൊജക്ടും ഏത് വർക്കിംഗ് ഗ്രൂപ്പിൻ്റെ പരിധിയിലാണോ വരുന്നത് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായിരിക്കും. കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ ആ സ്ഥാനത്ത് പകരം ഒരു ഉദ്യോഗസ്ഥനെ മോണിട്ടറിംഗ് സമിതി കൺവീനറാക്കണം.

| | |
|---|---|
| ചെയർമാൻ | പഞ്ചായത്ത് പ്രസിഡന്റ് |
| കൺവീനർ | സെക്രട്ടറി |
| | വർക്കിംഗ് ഗ്രൂപ്പ് കൺവീനർ |
| അംഗങ്ങൾ | വർക്കിംഗ് ഗ്രൂപ്പിലെ മുഴുവൻ അംഗങ്ങളും |

മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഫൈനൽ തുക നൽകേണ്ടത്. ഈ മോണിറ്ററിംഗ് സമിതി പദ്ധതി നടത്തിപ്പിൻ്റെ വിവിധ ഘട്ടങ്ങളിൽ അവലോകനം നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് പഞ്ചായത്ത് തല മോണിറ്ററിംഗ് സമതിക്ക് നൽകും.

## ഉപസംഹാരം

മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 25 വർഷക്കാലം ജനകീയാസൂത്രണ പരിപാടിയിലൂടെ നടപ്പിലാക്കിയ വിവിധ പദ്ധതികൾ അവലോകനം ചെയ്യുമ്പോൾ സമസ്തമേഖലയിലും വിവിധ വിഷയ മേഖലാടിസ്ഥാനത്തിൽ വികസനം നടപ്പിലാക്കുക വഴി പഞ്ചായത്തിൻ്റെ അടിസ്ഥാന സൗകര്യം ഉൾപ്പടെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സാധിച്ചിട്ടുള്ളതാണെന്ന് വ്യക്തമാണ് . കുടിവെള്ളം, പാർപ്പിടം, കാർഷിക മേഖല ഉൾപ്പടെയുള്ള വിവിധ മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ പദ്ധതികൾക്ക് പ്രാമുഖ്യം നൽകിയുള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത് .

ഇരുപത്തി അഞ്ച് വർഷക്കാലത്തെ പദ്ധതി നിർവ്വഹണം അവലോകനം ചെയ്യുമ്പോൾ സേവന മേഖലയിലും പശ്ചാത്തല മേഖലയിലും ഏറെ നേട്ടം ഉണ്ടായിട്ടുണ്ട് . ഒരു നവകേരള സൃഷ്ടിയുടെ ഭാഗമായി പ്രാദേശിക സാമ്പത്തിക മേഖലയിൽ ഊന്നൽ നൽകിയിട്ടുണ്ട് . തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും വേണ്ട പദ്ധതികളാണ് നാം ആസൂത്രണം ചെയ്യേണ്ടത് . ഇതിൻ്റെ മുന്നോടിയായി തൊഴിൽരഹിതരെ കണ്ടെത്തി അവരുടെ അഭിരുചിക്കും നൈപുണ്യത്തിനും അനുസരിച്ച് മുഴുവൻ വിശദവിവരങ്ങളും പ്രത്യേക പോർട്ടലിൽ രജിസ്റ്റർ ചെയ്ത് എല്ലാ വാർഡുകളിലും തൊഴിൽ സഭകൾ കൂടി കഴിഞ്ഞിട്ടുള്ളതാണ്. കൂടാതെ അതി ദരിദ്രരായവരെ സർവ്വേ നടത്തി കണ്ടെത്തുകയും അവരുടെ ക്ഷേമത്തിനും മെച്ചപ്പെട്ട ജീവിതത്തിനും ഉതകുന്ന മൈക്രോപ്ലാനും നമ്മുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട്. ജല-ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ പതിനഞ്ചാം ധനകാര്യകമ്മിഷൻ ഗ്രാന്റും കൂടാതെ 20 ശതമാനം അധിക വിഹിതവും വകയിരുത്തുന്ന ഉപപദ്ധതിയും തയ്യാറാക്കേണ്ടതുണ്ട് സന്നദ്ധ പ്രവർത്തകരെ അണിനിരത്തി കാര്യക്ഷമമായി വിവിധ വാർഡുകളിൽ ജീവൻ രക്ഷാമരുന്നുകൾ, റേഷൻ സാധനങ്ങൾ, പെൻഷനുകൾ തുടങ്ങി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന സേവനങ്ങൾ വീട്ടുപടിക്കൽ എത്തിച്ചു നൽകുന്നതിനുള്ള "വാതിൽപ്പടി സേവനപദ്ധതിയും വാർഷിക പദ്ധതിയിലൂടെ നടപ്പിലാക്കേണ്ടതുണ്ട്.

2025-26 വാർഷിക പദ്ധതി തയ്യാറാക്കാൻ യത്നിച്ച വിവിധ വികസന പദ്ധതികൾക്ക് നേതൃത്വം നൽകുന്ന ജനപ്രതിനിധികളുടെയും, ആസൂത്രണ സമിതി അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും

സന്നദ്ധപ്രവർത്തകരുടെയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെയും സേവനം തുടർന്നും വാർഷിക പദ്ധതി അന്തിമമാക്കുന്നതിനും ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിനും പദ്ധതിയുടെ നിർവ്വഹണത്തിലും മോണിറ്ററിംഗിലും പ്രതീക്ഷിച്ചു കൊള്ളുന്നു. ഈ നിങ്ങളുടെ അഭിപ്രായത്തിനും നിർദ്ദേശത്തിനുമായി സമർപ്പിച്ചുകൊള്ളുന്നു. പദ്ധതിരേഖ

വാഴക്കുളം,

17/02/2026

(ഒപ്പ്)

ഷൈജു വർഗീസ്

സെക്രട്ടറി, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്